# കാന്തല്ലൂർ സി ഡി എസിലെ കോവിഡ് പ്രവർത്തനങ്ങൾ

കാന്തല്ലൂർ സി ഡി എസിൽ പഞ്ചായത്തുമായി ചേർന്ന് കോവിഡ് 19 മായി ബന്ധപെട്ടു നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ

## 1 .സംഘടന ,മൈക്രോഫിനാൻസ്

a ) **ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ** :- ആരോഗ്യ വകുപ്പിൻടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് ബ്രേക്ക് ദ ചെയിൻ ക്യാമ്പയിനെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി .ഇതിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേക്കും പ്രത്യേകിച്ച് 60 വയസിന് മുകളിൽ പ്രായമുള്ളവർ പ്രത്യേക കരുതലിൽ ഏർപ്പെടേണ്ട ആവശ്യകതയെക്കുറിച്ചും ബോധവൽക്കരണം നടത്തി.

### b ) വാട്ട്സ് ആപ് ഗ്രൂപ്പ് ഫോർമേഷൻ :-

സി ഡി എസ് തലത്തിലും എ ഡി എസ് തലത്തിലും അയൽക്കൂട്ടങ്ങളിലും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപികരിച്ചു .ഇതിലൂടെ സംസ്ഥാനമിഷനിലും ജില്ലാമിഷനിലും വിവിധ , സർക്കുലറുകൾ പ്രവർത്തനങ്ങൾ ഗ്രുപ്പുകളിൽ നിരന്തരം ഷെയർ ചെയ്തു വരുന്നു .

### c ) സി എം എച് എൽ എസ് ലോൺ സ്കീം :-

കേരള സർക്കാർ പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ്പാ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു .ആദ്യ ഘട്ടത്തിൽ 154 ഗ്രൂപ്പുകൾ ലോണിനുവേണ്ടി അപേക്ഷിച്ചിരുന്നു .അതിൽ 144 ഗ്രൂപ്പിൽ നിന്നും 1886 പേർ ലോണിന് അപേക്ഷനൽകിയിരുന്നു .അവരുടെ അപ്ലിക്കേഷൻ ഫോം വെരിഫൈ ചെയ്തു മോണിറ്ററിംഗ് കമ്മിറ്റി കൂടി തീരുമാനിച്ച ശേഷം U B I ,S B I ,S C B ,I D C B ബാങ്കുകളിൽ കൊടുത്തിട്ടുണ്ട്

.ഓഡിറ്റ് ചെയ്യാൻ പൈസ അടച്ചിട്ടും ഓഡിറ്റ് ചെയ്യാത്ത ഗ്രൂപ്പുകളെ CMHLS വായ്പ്പ പദ്ധതിയിൽ ചേർക്കാൻ സി ഡി എസ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് .

## 2 .സൂക്ഷ്മ സംരംഭങ്ങൾ ,മാർക്കെറ്റിങ്

### a ) മാസ്ക് നിർമ്മാണം :-

സി ഡി എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 M E യൂണിറ്റുകളെ കോട്ടൺ മാസ്ക് നിർമിക്കാൻ ഏല്പിച്ചു .ആകെ 7500 മാസ്ക്കുകൾ 6 M E യൂണിറ്റുകൾ ചേർന്ന് നിർമ്മിക്കുകയും പഞ്ചായത്തിൽ ഏല്പിക്കുകയും ചെയ്തു.ഇതിലൂടെ 90000 രൂപ വരുമാനം M E യൂണിറ്റുകൾക്ക് കിട്ടുകയുണ്ടായി .



## b )കമ്മ്യൂണിറ്റി കിച്ചൺ :-

പഞ്ചായത്തിൻറെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങളെ വെച്ച് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുകയും അതിലൂടെ പാവപ്പെട്ടവർക്ക് വോളന്റിയേഴ്സ് മുഖേന ഫുഡ് വിതരണം ചെയ്തായിരുന്നു .ഇപ്പോൾ പുതിയ ഗ്രൂപ്പിനെ സി ഡി എസിൽ രജിസ്റ്റർ ചെയ്തു ജനകീയ ഹോട്ടൽ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു ..

## 3 ) സോഷ്യൽ ഡെവലപ്മെന്റ് :-

D F K

സി ഡി എസിൽ ആകെ 224 പേർ ഡിഎഫ് കെ യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് .അതിൽ 143 പേർ 60 വയസിനു മുകളിൽ പ്രായമുള്ളവരാണ് .ഒരു R P -യെ നിയമിച്ചു ഇവരെ ഫോണിലൂടെ അവരുടെ ആവശ്യങ്ങൾ ചോദിച്ചു അറിയുകയും ആഷ വർക്കർ മുഖേന മരുന്നുകൾ വീടുതോറും എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു .ഏപ്രിൽ മാസം പോഷഹാകാരം വിതരണം ചെയ്യാൻ സാധിക്കാത്തതുകൊണ്ട് 2 മാസത്തെ പോഷഹാകാരം എല്ലാ വാർഡിലും മെയ് മാസം ഗുണഭോക്താക്കളുടെ വീട്നേരിട്ട് സന്ദർശിക്കുകയും പോഷഹാകാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് .



4 )ജൻഡർ

## സന്നദ്ധസേന രെജിസ്ട്രേഷൻ :-

കാന്തല്ലൂർ സി ഡി എസിന്റെ കീഴിൽ 54 അയൽക്കൂട്ടങ്ങളിൽ നിന്നും 110 അംഗങ്ങൾ സന്നദ്ധസേനയിൽ രെജിസ്റ്റർ ചെയ്തിട്ടുണ്ട് .

## 5 ) കാർഷികരംഗം:-

### a) അടുക്കളത്തോട്ടം

കാന്തല്ലൂർ സി ഡി എസിൽ കുടുംബശ്രീയിൽ അംഗമായിട്ടുള്ള 521 അംഗങ്ങൾ അടുക്കളത്തോട്ടം നിർമ്മിക്കുകയും അത് സി ഡി എസിൽ രെജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട് .ജൂലൈ , ഓഗസ്റ്റ് മാസങ്ങളിൽ നേരിട്ട് അടുക്കളത്തോട്ടം സന്ദർശിച്ചു സമ്മാനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട് .





b ) തരിശുനില കൃഷി :-

3 ഗ്രൂപ്പ് സി ഡി എസിൽ പുതിയതായിട്ട് രെജിസ്റ്റർ ചെയ്തു 2 ഏക്കർ തരിശുനിലം നികത്തി ചേന ,കപ്പ കൃഷിചെയ്തിട്ടുണ്ട് .



ഡിഡിയു ജികെ വൈ

പുതിയതായി 4 പേർ ഡി ഡി യു ജി കെ വൈ പദ്ധതിയുടെ കീഴിൽ പരിശീലനം എടുക്കാൻ സി ഡി എസിൽ രെജിസ്റ്റർ ചെയ്തിട്ടുണ്ട് .

കാന്തല്ലൂർ സി ഡി എസിൽ ജില്ല മിഷൻ ൻറെ നിർദ്ദേശങ്ങൾ അനുസരിച്ചു കോവിഡ് മായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നല്ലരീതിയിൽ ചെയ്തുവരുന്നു

Submitted by

Radhika.S

BC1POST1

DEVIKULAM BLOCK